കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 23 | മാർച്ച് 15 2023
ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

7 ദേശീയ സെമിനാർ– (AGMET 2022) ഫെബ്രുവരി 15, 17
7 വാഴനാരുൽപാദനവും സംരംഭകത്വ സാധ്യതകളും പരിശീലന പരിപാടി സംഘടിപ്പിച്ചു
8 കോൾപാടത്ത് ഡ്രോൺ പറന്നു

## വൈഗ – 2023




ഗംഭീരമായ ഒരു തിരിച്ചുവരവാണ് 2 വർഷത്തെ ഇടവേളയ്ക്ക് ശേഷം വൈഗ നടത്തിയിരുന്നത്. കാർഷികോത്പന്ന സംസ്കരണവും മൂല്യവർദ്ധനവും ലക്ഷ്യമിട്ട് 2016-വൈഗ അതിന്റെ 6-ാമത് എഡിഷനിലെത്തിയപ്പോൾ പുതിയ ഒരു ദിശാബോധം കൈവരിച്ചുകൊണ്ട് അടുത്ത തലത്തിലേക്ക് പ്രവേശിച്ചു എന്നതന്നെ അക്ഷരാർത്ഥത്തിൽ നമുക്ക് പറയാനാകും. നെല്ല്, നാളികേരം, ചെറുധാന്യങ്ങൾ, പഴം, പച്ചക്കറി, തേൻ, ചക്ക, പാലുൽപന്നങ്ങൾ, പുഷ്പവിളകൾ എന്നിങ്ങനെ വിവിധ വിളകളെ ആസ്പദമാക്കിയായിരുന്നു കഴിഞ്ഞുപോയ എഡിഷനുകളെങ്കിൽ, 6-ാമത് എഡിഷൻ ഈ വിളകളിലെ മൂല്യവർദ്ധിത ശൃംഖലാ വികസനം (Developing Value Chain in Agriculture) എന്ന വിഷയത്തെ അടിസ്ഥാനമാക്കിയായിരുന്നു.

### തുടക്കം ലളിതം, സുന്ദരം

**(നെല്ലച്ഛന് പ്രത്യേക ആദരവ്)**

ബഹു:കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനായിരുന്നു വൈഗയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചത്. ഫെബ്രുവരി 25-ന് വൈകുന്നേരം കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സിക്കിം കൃഷിവകുപ്പ് മന്ത്രി ശ്രീ. ലോക്നാഥ് ശർമ്മ, അരുണാചൽ പ്രദേശ് കൃഷിവകുപ്പ് മന്ത്രി ശ്രീ. ടഗേ ടകി, ഹിമാചൽ പ്രദേശ് കൃഷിവകുപ്പ് മന്ത്രി. ശ്രീ. ചന്ദേർ കുമാർ എന്നിവർ മുഖ്യാതിഥികളായിരുന്നു. പത്മശ്രീ ജേതാവും കർഷകനുമായ ശ്രീ. ചെറുവയൽ രാമൻ, നബാർഡ് ചെയർമാൻ ശ്രീ. കെ.വി. ഷാജി എന്നിവരെ മുഖ്യമന്ത്രി ചടങ്ങിൽ ആദരിക്കുകയുണ്ടായി.

> "ശാസ്ത്രീയ കൃഷിരീതി പ്രചരിപ്പിക്കുക വഴി ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക, കാർഷികോത്പന്നങ്ങളുടെ ശേഖരണവും വിപണനവും വർദ്ധിപ്പിച്ച് കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുക, കാർഷികോത്പന്നങ്ങളെ വ്യാവസായിക മൂല്യവർദ്ധനവിനുള്ള നിക്ഷേപങ്ങളുമായി ബന്ധിപ്പിക്കുക എന്നി 3 മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്ത് കാർഷിക വികസനം സാധ്യമാക്കും" – മുഖ്യമന്ത്രി

ചീഫ് എഡിറ്റർ - പത്മം എസ്.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവാൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റന്റ് എഡിറ്റർ - മുഹമ്മദ് റിയാസ്




## സെമിനാറുകൾ

വൈവിധ്യമാർന്ന 18 വിഷയങ്ങൾ തെരഞ്ഞെടുത്ത് 3 വേദികളിലായാണ് കർഷകർക്കും സംരംഭകർക്കുമായി സെമിനാറുകൾ സംഘടിപ്പിച്ചത്. സെമിനാറിന്റെ ആദ്യ ദിനം സംരംഭകത്വങ്ങളും സാമ്പത്തിക സഹായവും എന്ന വിഷയത്തിൽ വിവിധ ധനകാര്യ സ്ഥാപന മേധാവികളും സാമ്പത്തിക വിദഗ്ധരും കർഷകരുമായി സംവദിക്കുകയുണ്ടായി. കയറ്റുമതി ലക്ഷ്യമിട്ടുള്ള കാർഷികോത്പാദനം എന്ന സെമിനാർ കൃഷിവകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ഹിമാചൽ പ്രദേശ് കൃഷിവകുപ്പ് മന്ത്രി. ശ്രീ.ചന്ദേർകുമാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അജഋഉഅ ജനറൽ മാനേജർ ശ്രീ. ....രവീന്ദ്ര മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

രണ്ടാം ദിനം നടന്ന പഴം-പച്ചക്കറി വിളകളിലെ വിളവെടുപ്പാനന്തര ഇടപെടലുകൾ എന്ന സെമിനാർ അരുണാചൽ പ്രദേശ് കൃഷിമന്ത്രി ശ്രീ. ടഗേടകി ഉദ്ഘാടനം ചെയ്തു. ഹോർട്ടികൾച്ചറൽ വിളകളിലെ മൂല്യവർദ്ധന ശൃംഖലാ വികസനത്തെക്കുറിച്ചും അന്നേദിവസം സെമിനാർ ഉണ്ടായിരുന്നു. പാക്കേജിംഗ് സാങ്കേതിക വിദ്യയും, ബ്രാൻഡിംഗും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാര ഉത്തരാഖണ്ഡ് കൃഷി വകുപ്പ് മന്ത്രി ശ്രീ. ജോഷി ഉദ്ഘാടനം ചെയ്തു. മുംബൈ ആസ്ഥാനമായുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് ഡയറക്ടർ ശ്രീ. ആർ. കെ. മിശ്ര ഐ.ആർ. എസ് ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. അന്നേദിവസം തന്നെ ചെറുധാന്യങ്ങളുടെ മൂല്യവർദ്ധന സാധ്യതകളെക്കുറിച്ചും സെമിനാർ ഉണ്ടായിരുന്നു.

മൂന്നാം ദിനം കാർഷിക മേഖലയിലെ വ്യവസായ സംരംഭകത്വ വളർച്ച എന്ന സെമിനാർ തെലങ്കാന കൃഷി സഹകരണ മാർക്കറ്റിംഗ് വകുപ്പ് മന്ത്രി ശ്രീ സിംഗി റെഡ്ഡി നിരഞ്ജൻ റെഡ്ഡി ഉദ്ഘാടനം ചെയ്തു. കാർഷിക മേഖലയിൽ വിദേശ മലയാളികളുടെ സംരംഭകത്വ വികസനം എന്ന സെമിനാർ ഉദ്ഘാടനം ചെയ്തത് ഡെപ്യൂട്ടി സ്പീക്കർ ശ്രീ ചിറ്റയം ഗോപകുമാർ ആയിരുന്നു. അന്നേദിവസം തന്നെ ഫലവർഗ്ഗ കൃഷിയിലെ മുന്നേറ്റത്തെക്കുറിച്ചും കൃഷിയിലെ വിവരസാങ്കേതിക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സെമിനാറുകളും സംഘടിപ്പിച്ചിരുന്നു. കാർഷികോൽപാദക കമ്പനികളുടെ പ്രാധാന്യം കാർബൺ ന്യൂട്രൽ കൃഷ,ി നാച്ചുറൽ ഫാമിംഗ്, അഗ്രി സ്റ്റാർട്ടപ്പുകൾ എന്നീ വിഷയങ്ങളിൽ ഊന്നി ഉള്ളതായിരുന്ന സെമിനാർ വൈഗയുടെ സമാപന ദിവസം നാളികേര ഉത്പാദക മേഖലയിലെ നൂതന സാങ്കേതിക വിദ്യകളെ കുറിച്ചുള്ള സെമിനാറിൽ ഇന്ത്യനേഷ്യയിലെ ഇന്റർനാഷണൽ കോക്കനട്ട് കമ്മ്യൂണിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ ജെൽഫീന സി അലൗ മുഖ്യപ്രഭാഷണം നടത്തി.

## വിസ്മയ വിരുന്നൊരുക്കി കാർഷിക പ്രദർശനം

ആറുനാൾ നീണ്ടുനിന്ന കാർഷിക മഹാമേളയെ തികച്ചും സമ്പുഷ്ടമാക്കിയത് സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം വിളിച്ചോതുന്ന കാർഷിക പ്രദർശനം തന്നെയായിരുന്നു. സർക്കാർ, അർദ്ധസർക്കാർ സ്വകാര്യസ്ഥാപനങ്ങളിലെ മൂല്യ വർധിത ഉത്പന്നങ്ങളുമായി 250 ഓളം സ്റ്റാളുകളാണ് പ്രദർശന നഗരിയെ വിസ്മയ പൂരിതമാക്കിയത്, ഒപ്പം പത്തോളം സംസ്ഥാനങ്ങളിലെ പ്രദർശന സ്റ്റാളുകളും.

പ്രദർശന നഗരിയിലെ തീം പവലിയൻ സജ്ജമാക്കിയത് ഫാം ഇൻഫർമേഷൻ ബ്യൂറോ ആയിരുന്നു. കാർഷികമൂല്യ വർദ്ധന സാധ്യതകൾ തുറന്നു കാണിക്കുന്ന തീം പവലിയനിലെ പഴം -പച്ചക്കറിക്കൂടകൾക്കിടയിൽ നിന്നുള്ള സെൽഫി പോയിന്റ് ഏവരെയും ആകർഷിക്കുന്ന തരത്തിലുള്ളതായിരുന്നു.

കാശ്മീരി കുങ്കുമപ്പൂവ് മുതൽ കാശ്മീരി മുളക് വരെയുള്ള വൈവിധ്യമാർന്ന വിഭവങ്ങളുമായി കാശ്മീരിന്റെ സ്റ്റാൾ ഏവരുടെയും ശ്രദ്ധ പിടിച്ചു പറ്റി. റോഡോ ഡെൻഡ്രോൺ പൂവ് ചേർത്ത കാശ്മീരി ഹെർബൽ ചായ, കാശ്മീരി ആപ്പിൾ, ഡ്രൈ ഫ്രൂട്സ്, ലാവണ്ടർ ഓയിൽ എന്നിങ്ങനെ വൈവിധ്യമാർന്ന വിഭവങ്ങൾ വേറെയും. തങ്ങളുടെ തനത് ജൈവവിഭവങ്ങളുമായാണ് ജൈവ സംസ്ഥാനമായ സിക്കിം എത്തിയത്. ചെറു ധാന്യങ്ങളുടെ വൈവിധ്യമാർന്ന വിഭവങ്ങളുമായി മധ്യപ്രദേശ്, കർണാടക, തമിഴ്നാട് എന്നിവരും പയർവർഗ്ഗ വിളകളുടെ മൂല്യ വർധിത വിഭവങ്ങളുമായി ഉത്തരാഖണ്ഡ്. കാർഷികോൽപാദന സംഘങ്ങളുടെ വിവിധ ഉത്പന്നങ്ങളുമായി ആസാം, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളും ചേർന്ന് ഒരുക്കിയത് നല്ലൊരു ദൃശ്യവിരുന്ന് തന്നെയായിരുന്നു.

നെല്ല്, ചെറുധാന്യങ്ങൾ, നാളികേരം, തേൻ ഭൗമസൂചിക ഉത്പന്നങ്ങൾ, പഴം -പച്ചക്കറികൾ എന്നിവയുടെ മൂല്യ വർധിത സംരംഭങ്ങളുമായി 12 ഓളം സ്റ്റാളുകൾ അണിനിരത്തി. കേരള കാർഷിക സർവകലാശാല പ്രധാന ആകർഷക കേന്ദ്രമായി. വാഴയിൽ നിന്ന് മാത്രം 40 ഓളം വ്യത്യസ്ത മൂല്യ വർധിത ഉൽപ്പന്നങ്ങൾ.

അരി ഉൽപ്പന്നങ്ങളുമായി രാജ്യത്തെ ആദ്യ കാർബൺ ന്യൂട്രൽ ഫാമായ ആലുവ ഫാം, കേരൾ അഗ്രോ ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ സ്റ്റാൾ, അതിരപ്പിള്ളി ട്രൈബൽ വാലി പ്രോഡക്റ്റ് എന്നീ സ്റ്റാളുകൾ പ്രദർശന നഗരിയുടെ മുൻനിരയിൽ തന്നെ സ്ഥാനം പിടിച്ചു. കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ CTCRI, CPCRI, IISR, NIIST, NHB,

"കേരളത്തിലെ കാർഷികമേഖലയുടെ സാങ്കേതികമായ ചുവടുവയ്പ്പാണ് വൈഗ" –
**ശ്രീ ചന്ദേർകുമാർ** (ഹിമാചൽ പ്രദേശ് കൃഷി വകുപ്പ് മന്ത്രി)

**കാർഷിക വ്യവസായിക മേഖലക്ക് വൈഗ ജീവൻ നൽകുന്നു**
**ശ്രീ സിംഗി റെഡ്ഡി നിരഞ്ജൻ റെഡ്ഡി**

വൈഗ നൽകിയത് നവ്യാനുഭവം **ശ്രീ ഗണേഷ് ജോഷി**

കാർഷിക സംരംഭകത്വ മേഖലയ്ക്ക് കരുത്തും ഒപ്പം പുത്തൻ ദിശാബോധവും നൽകുവാൻ വൈഗയ്ക്ക് സാധിച്ചു –
**ശ്രീ കക്കാനി ഗോവർദ്ധൻ റെഡ്ഡി** (കൃഷി സഹകരണ വകുപ്പ് മന്ത്രി, ആന്ധ്രപ്രദേശ്)

TBGRI, NSCഎന്നിവ തനത് വിഭവങ്ങളുമായി പ്രദർശന നഗരിയിൽ ഉണ്ടായിരുന്നു.

SFAC യുടെ സഹായത്തോടെ ആരംഭിച്ച 20 ഓളം സംരംഭങ്ങളുടെ പ്രത്യേക നിര വൈഗ കർഷക പ്രദർശനത്തിന്റെ പ്രത്യേകതയായി തന്നെ എടുത്തു പറയാം. ഒരുപക്ഷേ മുൻ വൈഗ എക്സിബിഷനുകളുടെ കൂടി ഫലമായാണ് ഇത്രയധികം സംരംഭങ്ങൾ വൈഗ വേദിയിൽ എത്തുവാൻ ഇടയായത്. ചക്ക വിഭവങ്ങളുമായി ജാക്ക്‌ഫ്രൂട്ട് ചക്കക്കൂട്ടം, ബിയോണ്ട് സ്നാക്സ്, വാഴയിൽ നിന്നുള്ള ഉൽപ്പന്നങ്ങളുമായി പ്രിയ അഗ്രോ, പാറശാല എഫ്പി ഓ, കോഴിക്കോടൻ കരിമ്പിൽ നിന്നുള്ള സിറപ്പുമായി papuan cane syrup, വാക്വം ഫ്രൈഡ് ചിപ്സുമായി ബോബിൻ കൂടാതെ ഗ്ലോബൽ നാച്ചറൽ ഫുഡ്സ്, മറാക്കാ പ്രൊഡക്ട്സ് തുടങ്ങി ഇരുപതോളം സംരംഭകത്വ യൂണിറ്റുകളാണ് എസ് എഫ് എസിയുടെ കീഴിൽ അണിനിരന്നത്.

വിവിധ ജില്ലകളുടെ സ്റ്റാളുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യസ്ഥാപനങ്ങൾ കൃഷി അനുബന്ധ വകുപ്പുകൾ എന്നിവയും വൈഗയുടെ ഭാഗമായി.

## സംരംഭകർക്ക് കരുത്തേകി 'ദിശ' (B2B മീറ്റ്)

വൈഗയുടെ നാലാം ദിനം തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് 'ദിശ' എന്ന പേരിൽ സംഘടിപ്പിച്ച ബിസിനസ് ടു ബിസിനസ് മീറ്റ് കാർഷിക സംരംഭകരെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയിൽ നിന്നും വാണിജ്യലോകത്തേക്കുള്ള യഥാർത്ഥ ദിശാസൂചികയായി മാറി എന്നുതന്നെ പറയാം. കാർഷികോത്പാതകർക്കും വ്യവസായിക സംരംഭകർക്കും ഒത്തുചേരുവാനും സംവദിക്കുവാനും വേദിയൊരുക്കിയ ദിശ ഉദ്ഘാടനം ചെയ്തത് വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ പി രാജീവ് ആയിരുന്നു. കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വ്യാപാര വിപണ മേഖലയിൽ ദേശീയ അന്തർ ദേശീയ തലത്തിൽ വ്യാപൃതരായിട്ടുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ, ഗ്രൂപ്പുകൾ എന്നിവർ പങ്കെടുത്തു. ബി റ്റു ബീ മീറ്റിൽ 39.76 കോടി രൂപയുടെ ഇന്റന്റുകളാണ് ഒപ്പുവെച്ചത്. ഇതിൽ വ്യക്തിഗത സംരംഭകരുടെ 51 ലക്ഷം രൂപയുടെ ഉത്പന്നങ്ങൾ കർഷകോത്പാദക സംഘങ്ങളുടെ 3.5 കോടി രൂപയുടെ ഉത്പന്നങ്ങൾ കമ്പനികളുടെയും സൊസൈറ്റികളുടെയും 36 കോടി രൂപയുടെ ഉത്പന്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. മീറ്റിൽ ഏകദേശം 133 കർഷകർ ഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ എന്നിവർ ഉത്പാദകരായും ഗുജറാത്ത്, മഹാരാഷ്ട്ര, കർണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലെ സംരംഭകർ, വ്യവസായികൾ, എക്സ്പോർട്ടേഴ്സ് എന്നിവർ ബയേഴ്സ് ആയും പങ്കെടുത്തു.

കേരളത്തിലെ കർഷകർക്കും വ്യാപാരികൾക്കും ഇടയിൽ കർഷകോല്പന്നങ്ങളുടെ വിപണനത്തെ പരിപോഷിപ്പിക്കുന്ന പുതിയ വ്യാപാര ബന്ധങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനോടൊപ്പം കാർഷികോൽപാദന മേഖലയിലെ വിവിധ സാധ്യതകൾ വ്യവസായികളെ പരിചയപ്പെടുത്തുന്നതിനും കൂടി ദിശ വഴികാട്ടിയായി.

## പ്രാദേശിക വിഭവങ്ങൾ ഇനി ആകർഷകമായ പാക്കിങ്ങിൽ

### IIP യുമായി ധാരണ പത്രം

ഏതൊരു ഉൽപ്പന്നത്തിന്റെയും ഗുണനിലവാരവും ആവശ്യകതയും നിയന്ത്രിക്കുന്ന ഘടകങ്ങളിൽ പ്രധാനപ്പെട്ടവയാണ് പാക്കേജിങ്ങും ബ്രാന്റിംങ്ങും. ഉൽപ്പന്നങ്ങളുടെ ആവശ്യകത വർധിപ്പിച്ച് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിൽ ഈ രണ്ടു ഘടകങ്ങൾക്കും വലിയ പങ്കാണുള്ളത്. സംസ്ഥാനത്തെ കർഷകരുടെ പ്രാദേശിക ഉത്പന്നങ്ങൾ ആകർഷകമായ പായ്ക്കറ്റുകളിൽ ആഗോള വിപണിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ കൃഷി വകുപ്പ് മുംബൈ ആസ്ഥാനമായുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി വൈഗയിൽ ധാരണാപത്രം ഒപ്പിട്ടുകയുണ്ടായി. പാക്കേജിംഗ് മേഖലയിലെ നൂതന രീതികൾ പഠിക്കുന്നതിനും സാങ്കേതികവിദ്യകൾ കൈമാറുന്നതിനും ഇന്ത്യയിലും വിദേശത്തും വിപണി കണ്ടെത്തുവാൻ സാധിക്കുന്ന ആധുനികരീതികൾ കേരളത്തിലെ സംരംഭകർക്കു ലഭ്യമാകുന്നതിനും ഇതിലൂടെ ഇനി സാധ്യമാകും. ധാരണ പത്രപ്രകാരം താഴെപ്പറയുന്ന സാങ്കേതിക മേഖലകളിലാണ് കരാർ ഉണ്ടായിട്ടുള്ളത്.

1. ഉത്പന്നങ്ങളുടെ പാക്കിങ്ങും ഡിസൈനിങ്ങും
2. വ്യവസായിക അടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ
3. ഉത്പന്നങ്ങളുടെ ഷെൽഫ് ലൈഫ് നിർണയവും പരിശോധനകളും
4. ശില്പശാലകളും പരിശീലനവും
5. കയറ്റുമതിക്കുള്ള മാർഗ്ഗനിർദേശങ്ങൾ
6. മോണിറ്ററിങ്ങും തുടർ പ്രവർത്തനങ്ങളും
7. ലോജിസ്റ്റിക് മാനേജ്മെന്റ്
8. പാക്കേജിങ്ങിനും സേവനങ്ങൾക്കുമുള്ള സഹായങ്ങൾ

ബഹുകൃഷി വകുപ്പ് മന്ത്രി ശ്രീ പി പ്രസാദിന്റെ സാന്നിധ്യത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് ഡയറക്ടർ ശ്രീ ആർ കെ മിശ്ര

'ഫുഡ് പ്രോസസിംഗ് മേഖലയിലേതടക്കം 10000 എം എസ് എം ഇ യൂണിറ്റുകൾക്ക് സഹായം നൽകി ഒരു ലക്ഷം കോടി രൂപയുടെ നേട്ടം ഉണ്ടാക്കുവാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്'' - ശ്രീ പി രാജീവ്

വൈഗയുടെ ലക്ഷ്യം കാർഷിക പുരോഗതി ശ്രീ. എ എൻ ഷംസീർ

കാർഷിക മേഖലയിൽ മൂല്യ വർധിത ശൃംഖലയുടെ വികസനം എന്ന ആശയം ആഗോള സാമ്പത്തിക സാഹചര്യത്തിൽ പ്രാധാന്യം അർഹിക്കുന്നത് – ശ്രീമതി ജെൽഫിനാ സി അലൗ

ഐ ആർ എസ് ഉം കേരള സർക്കാരിനുവേണ്ടി സമേതി ഡയറക്ടർ ശ്രീ ജോർജ് സെബാസ്റ്റിയനും ആണ് ധാരണ പത്രത്തിൽ ഒപ്പുവച്ചത്..

## സംരംഭക സ്വപ്നങ്ങൾക്ക് ചിറകേകാൻ ഇനി മുതൽ ഡിപിആർ ക്ലിനിക്കുകൾ

സംരംഭകത്വം തുടങ്ങണമെന്ന സ്വപ്നം പല കർഷകരുടെയും മനസ്സിൽ ഉണ്ടെങ്കിലും പ്രാവർത്തികമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനത്തിൽ അപേക്ഷയോടൊപ്പം നൽകിയാൽ മാത്രമേ സംരംഭകത്വം തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ. ഇവിടെയാണ് പല കർഷകരും പരാജയപ്പെടുന്നത്. ഈ പ്രതിസന്ധിക്ക് ഒരു പരിഹാരം എന്ന നിലയിൽ പ്രവാസികൾ യുവാക്കൾ പുതു സംരംഭകർ എന്നിവർക്ക് മാതൃകാപരമായ പദ്ധതി തയ്യാറാക്കുന്നതിന് സഹായം നൽകുക എന്ന ലക്ഷ്യത്തോടെയാണ് വൈഗ യോടനുബന്ധിച്ച് വഴികാട്ടി എന്ന പേരിൽ ഡിപിആർ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുന്നത്

ഫെബ്രുവരി 15നാണ് ആദ്യ ഡി പി ആർ ക്ലിനിക് തിരുവനന്തപുരത്ത് സമേതിയിൽ ആരംഭിക്കുന്നത്. തിരഞ്ഞെടുത്ത അപേക്ഷകൾ വിവിധ പാനലിന് മുന്നിൽ ചർച്ചചെയ്ത് ഓരോ സംരംഭകർക്കും അവരുടെ സംരംഭകത്വ സ്വപ്നങ്ങൾക്ക് ഉതകുന്ന വിധം വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡി പി ആർ തയ്യാറാക്കുന്നതിന് ഡിപിആർ ക്ലിനിക്കിൽ തുടക്കം കുറിച്ചു. മൂന്ന് ദിവസം നീണ്ടുനിന്ന ഡി പി ആർ ക്ലിനിക്കിനു ശേഷം കേരള കാർഷിക സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗം ടീമിന്റെ നേതൃത്വത്തിൽ തുടർ പ്രവർത്തനങ്ങൾക്കായി ഫെബ്രുവരി 18 മുതൽ 28 വരെ ഡിപിആർ ലാബ് ആരംഭിക്കുകയും ഉണ്ടായി .തയ്യാറാക്കപ്പെട്ട ഡിപിആർ ലാബ് വിദഗ്ധ പാനലിൽ മുന്നിൽ അവതരിപ്പിച്ച് തിരുത്തലുകൾക്ക് ശേഷം അന്തിമ രൂപത്തിൽ തയ്യാറാക്കപ്പെട്ടു. തെരഞ്ഞെടുക്കപ്പെട്ട 50 ഡിപി ആറുകളിൽ 6 നാളികേരാധിഷ്ഠിത സംരംഭങ്ങൾ, 27 പഴം പച്ചക്കറി സംരംഭങ്ങൾ, ഏഴ് സുഗന്ധവ്യഞ്ജനങ്ങളുടെ സംരംഭങ്ങൾ, രണ്ട് തേൻ അധിഷ്ഠിത സംരംഭങ്ങൾ, 4 മില്ലറ്റ് പദ്ധതികൾ, 3 അരി ഉൽപ്പന്ന യൂണിറ്റുകൾ, ഒരു ഇൻപുട്ട് കസ്റ്റം ഹിയറിങ് സെന്റർ എന്നിവ ഉൾപ്പെടും. തിരഞ്ഞെടുക്കപ്പെട്ട 31 സംരംഭകർക്കു വായ്പ നൽകുന്നതിനുള്ള സമ്മതം വൈഗ വേദിയിൽ വച്ചുതന്നെ കാനറാ ബാങ്ക് അറിയിക്കുകയും ചെയ്തു എന്നത് ക്ലിനിക്കിന്റെ വലിയ വിജയമായി തന്നെ കണക്കാക്കാം. തയ്യാറാക്കപ്പെട്ട ഡിപി ആറുകൾ വൈഗയുടെ സമാപന വേദിയിൽ വച്ച് സംരംഭങ്ങൾക്ക് കൈമാറുകയും ചെയ്തു.

ഡിപി ആർ ക്ലിനിക്കുകൾ ഒരു സ്ഥിരം സംവിധാനമാക്കി തുടർന്നും കൃത്യമായ ഇടവേളകളിൽ സംഘടിപ്പിക്കുവാനാണ് കൃഷിവകുപ്പ് തീരുമാനം.

## കേരൾ അഗ്രോ ഉൽപ്പന്നങ്ങൾ ഇനി ഇ- കൊമേഴ്സ് പ്ലാറ്റ്ഫോമുകളിൽ

കൃഷിവകുപ്പിന്റെയും കൃഷിവകുപ്പ് നേതൃത്വത്തിലുള്ള FPOs/ FPCs, കർഷക സംഘങ്ങൾ എന്നിവരുടെയും ഉത്പന്നങ്ങൾ ഇനിമുതൽ കേരളം എന്ന ബ്രാൻഡ് നാമത്തിൽ ഇ- കോമേഴ്സ് പ്ലാറ്റ്ഫോമുകൾ ആയ ആമസോൺ ഫ്ളിപ്കാർട്ട് എന്നിവയിലൂടെ ലഭ്യമാകും. ആദ്യഘട്ടം എന്ന നിലയിൽ കൃഷിവകുപ്പ് ഫാമിന്റെ 64 ഉത്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ എത്തിക്കഴിഞ്ഞു. വൈഗ വേദിയിൽ തന്നെ കേരളവും ഉൽപ്പന്നങ്ങളുടെ ആദ്യപ്രദർശനവും സംഘടിപ്പിക്കാനായത് ശ്രദ്ധേയമായി. സർക്കാർ ഫാമുകളിലെ വിവിധതരം ഉൽപ്പന്നങ്ങൾ വിത്തുകൾ നടീൽ വസ്തുക്കൾ ജൈവ ഉത്പാദനവും പാതികൾ മൂല്യ വർധിത ഉൽപ്പന്നങ്ങൾ എന്നിവയാണ് ഇപ്പോൾ ഓൺലൈൻ വിതരണത്തിന് തയ്യാറായിട്ടുള്ളത്. ക്രമേണ കർഷകരുടെ ഉൽപ്പന്നങ്ങളും ഇതിന്റെ ഭാഗമാകുന്നതായിരിക്കും.

## കർഷകർക്കായി സാങ്കേതിക വിദ്യകളും

രണ്ട് നൂതന കർഷക സൗഹൃദ സാങ്കേതികവിദ്യകളാണ് വൈഗ വേദിയിൽ കർഷകർക്ക് മുന്നിൽ പരിചയപ്പെടുത്തിയത് തൃശ്ശൂർ പട്ടിക്കാട് സ്വദേശി ജോസ് കെ സി എന്ന കർഷകൻ വികസിപ്പിച്ചെടുത്ത കുരുമുളക് വിളവെടുക്കുന്ന ഉപകരണവും, IIT കാൺപൂർ പി എച്ച് ഡി സ്കോളറായ നിക്കി ത്സാ പരിചയപ്പെടുത്തുന്നത് സബ്ജി കോത്തി എന്ന പച്ചക്കറി സംഭരണ സംവിധാനവും കൃഷിമന്ത്രി ശ്രീ പി പ്രസാദ് മുൻകൃഷി വകുപ്പ് മന്ത്രി ശ്രീ വി എസ് സുനിൽകുമാർ എന്നിവരുടെ സാന്നിധ്യത്തിൽ ആയിരുന്നു ഉപകരണങ്ങളുടെ പരിചയപ്പെടുത്തൽ.

വൃക്ഷ ചുവട്ടിൽ നിന്നും PVC പൈപ്പിനഗ്രത്തിൽ ഘടിപ്പിച്ച പ്രത്യേക സംവിധാനത്തിലൂടെ കുരുമുളകിന്റെ തിരികൾ ചിതറി വീഴാതെ ശേഖരിക്കുന്ന ഉപകരണത്തിന് കർഷകൻ പേറ്റന്റിനായി അപേക്ഷിച്ചിട്ടുണ്ട്. (ജോസ് കെ സി ഫോൺ 7025854007) പഴങ്ങളും പച്ചക്കറികളും ഒരു മാസം വരെ കേടുകൂടാതെ സംഭരിക്കുവാൻ കഴിയുന്ന ഒരു പോർട്ടബിൾ സിസ്റ്റമാണ് നിക്കി ത്സാ അവതരിപ്പിച്ച സബ്ജികോത്തി. 20 വാട്ട് വൈദ്യുതിയും അല്പം ജലവും ഉണ്ടെങ്കിൽ 30 ദിവസം വരെ പഴങ്ങളും പച്ചക്കറികളും പുതുമ നിലനിർത്തിക്കൊണ്ട് സൂക്ഷിച്ച് വയ്ക്കുവാൻ കഴിയുന്ന മൈക്രോ ക്ലൈമാറ്റിക് സംവിധാനം അടിസ്ഥാനമാക്കിയുള്ള സംഭരണിയാണിത്. ഒരു ചെറിയ കാർ ബാറ്ററി



ഉപയോഗിച്ച് വേണമെങ്കിലും പ്രവർത്തിപ്പിക്കാവുന്ന ഈ സംഭരണി പരിസ്ഥിതി സൗഹൃദം കൂടിയാണ്.

### കാർഷിക പ്രശ്നങ്ങൾക്ക് പരിഹാരവുമായി വൈഗ അഗ്രിഹാക്ക് 2023

കാർഷിക രംഗത്തെ ഏറ്റവും വലിയ ഹാക്കത്തോണിന് വൈഗ സാക്ഷ്യം വഹിച്ചു വെന്നത് വൈഗയുടെ മറ്റൊരു സവിശേഷതയായിരുന്നു. വിദ്യാർത്ഥികൾ, സ്റ്റാർട്ട് ആപ്പുകൾ, പൊതുജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി കാർഷിക മേഖലയിലെ പ്രശ്നപരിഹാരത്തിനായി 36 മണിക്കൂർ നീണ്ടുനിന്ന മത്സരം വെള്ളായണി കാർഷിക കോളേജിൽ വച്ചാണ് നടന്നത്. തെരഞ്ഞെടുത്ത് നൽകപ്പെട്ട 15 പ്രദർശനങ്ങൾക്കാണ് ആധുനിക സാങ്കേതികവിദ്യയിലൊന്നിയ പരിഹാരമാർഗങ്ങൾ പങ്കെടുത്ത വിവിധ ടീമുകൾ കണ്ടെത്തിയത്. മുഞ്ഞാ ബാധ അറിയുവാൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം, തേങ്ങാ വിളവെടുക്കാൻ റോബോട്ടിക് കരങ്ങൾ, വന്യമൃഗ പ്രതിരോധത്തിന് ഡ്രോൺ സംവിധാനം, മണ്ണിന്റെ മൊബൈൽ ആപ്ലിക്കേഷൻ, ചക്ക വിളവെടുക്കുന്നതിനുള്ള യന്ത്രം, വിത്ത് വിതയ്ക്കുവാൻ ഡ്രോൺ സിസ്റ്റം എന്നിങ്ങനെ പോകുന്ന കണ്ടുപിടിത്തങ്ങളുടെ നിര. ഓരോ വിഭാഗത്തിൽ നിന്നും വിജയികളായ 3 ടീമുകൾക്ക് വീതം സമാപന ചടങ്ങിൽ പുരസ്കാരങ്ങളും നൽകി.

സന്ദർശകമനം നിറച്ച് കലാസന്ധ്യയും വൈഗയെ കൂടുതൽ മനോഹരമാക്കി. വൈകുന്നേരം പ്രധാന വേദിയിൽ അരങ്ങേറിയ കലാ സന്ധ്യകൾ കർഷകരുടെയും മറ്റു പൊതു സന്ദർശകരുടെയും മനം നിറച്ചു. ശ്രീ പന്തളം ബാലന്റെ ഗാനമേള വയലി ഫോക്‌ലോറിന്റെ ബാംബൂ മ്യൂസിക്, ഇപ്റ്റയുടെ നാട്ടുപാട്ട് തിറയാട്ടം, മധുരിക്കും ഓർമ്മകളുമായി ഗസ്സൽ പൂനിലാവ് എന്നീ കലാപരിപാടികൾ വൈഗ യുടെ സായന്തനങ്ങളിൽ ധന്യമാക്കി

തുടർ പ്രവർത്തനങ്ങൾ വൈഗ 2023 ശില്പശാലയുടെയും പ്രദർശനത്തിന്റെയും സമാപന ചടങ്ങ് ബഹു നിയമസഭാ സ്പീക്കർ ശ്രീ എൻ ഷംസീറാണ് ഉദ്ഘാടനം ചെയ്തത്. കൃഷിവകുപ്പ് മന്ത്രി ശ്രീ പി പ്രസാദിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ ശ്രീ കെ രാജൻ, അഡ്വ ജി ആർ അനിൽ, ശ്രീമതി ജെ ചിഞ്ചുറാണി, ശ്രീ അഹമ്മദ് ദേവർകോവിൽ, ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ, കേരഫെഡ് ചെയർമാൻ ശ്രീ. വി. ചാമുണ്ണി എന്നിവരും പങ്കെടുത്തു. അന്താരാഷ്ട്ര നാളികേര സമൂഹത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ജൽഫീനാ സി. അലൗ ചടങ്ങിൽ വിശിഷ്ടാതിഥിയായി പങ്കെടുത്തു.

ശില്പശാലയും പ്രദർശനവും സമാപിച്ചു എങ്കിലും തുടർ പ്രവർത്തനങ്ങൾ വൈഗയ്ക്കുണ്ടാകുമെന്ന ഉറപ്പോടെയാണ് ഈ കാർഷിക മഹാമേളയ്ക്ക് തിരശ്ശീല വീണത്. വൈഗയുടെ ഭാഗമായി ആരംഭിച്ച ഡിപിആർ ക്ലിനിക് എല്ലാ ജില്ലകളിലും കാര്യമായ ഇടവേളകളിൽ സംഘടിപ്പിക്കുവാനാണ് കൃഷിവകുപ്പ് തീരുമാനിച്ചിരിക്കുന്നത്. മാത്രമല്ല സംരംഭകരെയും വ്യവസായകരെയു ബന്ധിപ്പിക്കുന്ന ബി ടു ബി മീറ്റും ഇടയ്ക്കിടെ ഉണ്ടാകും. കർഷക വരുമാന വർദ്ധനവിനുള്ള പോംവഴി മൂല്യവർദ്ധനവ് തന്നെയാണെന്നുള്ള തിരിച്ചറിവാണ് വൈഗ നൽകുന്നത്. മൂല്യ വർദ്ധനവിന് ഇനിയും എത്രയോ സാധ്യതകളാണ് മറഞ്ഞിരിക്കുന്നത്. ഓരോ കർഷകനും പുതുസ്വപ്നങ്ങൾ കണ്ടു തുടങ്ങുവാനുള്ള വേദിയായിരിക്കുകയാണ് വൈഗ.

# സംസ്ഥാനതല വനിതാ കർഷകസംഗമം ഉദ്ഘാടനം ചെയ്തു



അന്തർ ദേശീയ വനിതാദിനത്തോടനുബന്ധിച്ച്കൃഷിവകുപ്പ്സംഘടിപ്പിച്ച വനിതാ കർഷക സംഗമവും ശില്പശാലയും കൃഷി വകുപ്പ്മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്തു. ചാലുകുന്ന്സി .എസ് ഐ റിട്രീറ്റ്സെൻററിൽ വച്ചു നടന്ന പരിപാടിയിൽ സമീപ ജില്ലകളിൽ നിന്നുള്ള വനിതാ കാർഷിക സംരംഭകരുടെ പ്രദർശനമേളയും സെമിനാറും കോട്ടയം എം. എൽ എ അഡ്വ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം നിർവ്വഹിച്ചു. കാർഷിക മേഖലയിൽ വനിതകളുടെ സാന്നിദ്ധ്യം മുൻകാലങ്ങളെ അപേക്ഷിച്ച്കൂടി വരികയാണെന്ന്മന്ത്രി പറഞ്ഞു. കർഷകരായും, കാർഷിക തൊഴിലാളിയായും അവരുടെ സാന്നിദ്ധ്യം ഉണ്ട്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, സംഭരണം, വിപണനം എന്നിവ ലക്ഷ്യമാക്കികൊണ്ടുള്ള പദ്ധതികളുമായി സർക്കാർ മുന്നോട്ടു പോവുകയാണ്. ഏതൊരു സംരംഭത്തിൻ്റെയും അടിസ്ഥാനം വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുക എന്നതാണ് ഇവ തയ്യാറാക്കാനുള്ള പരിജ്ഞാനം ഒരു സംരംഭം ഏറ്റെടുക്കുന്നവർക്ക് ഉണ്ടാകണമെന്നില്ല. ഇ ത്ബാങ്കുകളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുവാൻ സംരംഭകർക്ക്തടസ്സമാകുന്നു. ഇതിനൊരു പരിഹാരമായി സംരംഭകരുമായി നേരിൽ സംസാരിച്ച് അവരുടെ ഐഡിയക്കനുസരിച്ചിശദമായ റിപ്പോർട്ട്തയ്യാറാക്കി നൽകുന്നു. കേന്ദ്ര സംസ്ഥാന കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർ, കാർഷിക വിദഗ്ധർ എന്നിവരടങ്ങുന്ന ഒരുടീമിനെ ഇതിനായി സജ്ജമാക്കിയിട്ടുണ്ടെന്ന്മന്ത്രി പറഞ്ഞു. എല്ലാ ജില്ലകളിലും ഇതിനായി ഡി പി ആർ ക്ലിനിക്കുകൾ ആരംഭിക്കും.

കൃഷിവകുപ്പിന്കീഴിലുള്ള ഫാമുകളിൽ നിന്നും ഉത്പാദിപ്പിക്കുന്ന 65 ഓളം കാർഷിക ഉത്പന്നങ്ങൾ കേരൾ അഗ്രോ എന്ന പേരിൽ ആമസോൺ, ഫ്ലിപ്കാർട്ട്തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ വില്പനയ്ക്ക്തയ്യാറായിട്ടുണ്ട്. ഇതോടൊപ്പം കാർഷിക സംരംഭകരുടെ ഉൽപന്നങ്ങൾ കൂടി ഓൺലൈൻ സംവിധാനത്തിലൂടെ വിപണനം നടത്തുവാൻ ഉദ്ദേശിക്കുന്നതായും മന്ത്രി പറഞ്ഞു. മൂല്യവർധിത ഉൽപന്നങ്ങളുടെ വിപണനം കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമാക്കാൻ സംരംഭകർക്ക്പാക്കിഗിന് ആവശ്യമായ പരിശീലനം നൽകുവാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്പാക്കേജിംഗായി ധാരണാപത്രം ഒപ്പുവെച്ചതായും മന്ത്രി അറിയിച്ചു. ഇതിലൂടെ കേരളീയ ഉൽ



പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ കൂടുതൽ സ്വീകാര്യത നേടുവാൻ സാധിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. സംരംഭകരെ സഹായിക്കുന്നതിനായി വാല്യൂ ആഡെഡ്അഗ്രിക്കൾച്ചറൽ മിഷൻ (വാം) കേരള അഗ്രോബിസിനസ്കമ്പനി (കാബ്കോ) എന്നിവ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. ദേശീയ ഡിജിറ്റൽ അവാർഡ്ജേതാക്കളായ കോട്ടയം ജില്ലാ കളക്ടർ ഡോ. പി. കെ. ജയശ്രീ ഐ. എ.എസ്, ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ ബീന സിറിൽ പൊടിപ്പാറ, കർണാടക സംഗീതജ്ഞ മാതംഗി സത്യമൂർത്തി, മുതിർന്ന വനിത കർഷക മേരി, മുതിർന്ന വനിത കർഷകത്തൊഴിലാളി പൊന്നമ്മ ഗോപാലൻ എന്നിവരെ മന്ത്രി ആദരിച്ചു.

വനിത കർഷക സംരംഭകർക്കും മികച്ച സ്റ്റാൾ തയ്യാറാക്കിയവർക്കുമുള്ള പുരസ്കാരങ്ങൾ വിതരണം ചെയ്തു. എറണാകുളം, കോട്ടയം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലെ വനിതാസംരംഭകർ പങ്കെടുത്തു.

കോട്ടയം എംഎൽഎ തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാകളക്ടർ ഡോ. പികെ ജയശ്രീ ഐഎഎസ്മുഖ്യ പ്രഭാഷണം നടത്തി. കൃഷി വകുപ്പ്ഡയറക്ടർ കെ എസ് അഞ്ജു ഐ എ എസ്, കൃഷി അഡീഷണൽ ഡയറക്ടർ രാജേശ്വരി എസ് ആർ, ജില്ലാ കൃഷി ഓഫീസർ ഗീത വർഗീസ്, ആത്മ പ്രോജക്ട്ഡയറക്ടർ എൽസി അഗസ്റ്റിൻ എന്നിവർ സംസാരിച്ചു.

# പാൽ ഉത്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കും: മന്ത്രി ജെ ചിഞ്ചുറാണി

ക്ഷീരഗ്രാമം പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിച്ച് പാലുത്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുമെന്ന് മൃസംരംക്ഷണ-ക്ഷീരവികസന-മൃഗശാല വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിച്ച തിരുവനന്തപുരം ജില്ലയിലെ മൃഗസംരക്ഷണ മേഖലയിലെ മികച്ച കർഷകർക്കുള്ള പുരസ്കാരങ്ങളുടെ വിതരണ ചടങ്ങിന്റെയും കന്നുകാലി പരിപാലന കേന്ദ്രത്തിലെ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.







കഴിഞ്ഞ വർഷം പത്ത് പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കിയത്. ഇത്തവണ ഇരുപത് പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പിക്കും. ഇതുവഴി ഓരോ പഞ്ചായത്തിലും നൂറോളം പശുക്കൾ അധികമായി ലഭിക്കും. സംസ്ഥാന വ്യാപകമായി നടത്തിയ ക്ഷീരസംഗമങ്ങളിലൂടെ കർഷകരുടെ പരാതികൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിച്ചു. അതിദരിദ്ര കുടുംബങ്ങൾക്ക് 90 ശതമാനം സബ്സിഡിയിൽ പശുക്കളെ നൽകുന്ന പദ്ധതി നടപ്പാക്കി വരികയാണ്. ക്ഷീരസംഘങ്ങൾ വഴിയാണ് ഇത് നടപ്പാക്കുന്നത്. പാലുത്പാദനത്തിൽ സംസ്ഥാനം 90 ശതമാനം സ്വയംപര്യാപ്തത ഇതിനോടകം നേടിക്കഴിഞ്ഞെന്നും മന്ത്രി

പറഞ്ഞു.

ജില്ലാ കന്നുകാലി പരിപാലന കേന്ദ്രത്തിൽ പുതുതായി പണികഴിപ്പിച്ച സ്റ്റാഫ് ക്വാർട്ടേഴ്സിൽ നാല് കുടുംബങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്. ഒരു കോടി രൂപ ചെലവഴിച്ചാണ് ക്വാർട്ടേഴ്സിന്റെ നിർമാണം. 2021-22 വർഷത്തെ മികച്ച ക്ഷീരകർഷകനുള്ള പുരസ്കാരം കല്ലിയൂരിലെ കെ എൻ വിജയകുമാറിനും, സമ്മിശ്ര കർഷകനുള്ള പുരസ്കാരം അവനവഞ്ചേരി സ്വദേശി എം.കെ അജിത്കുമാറിനും മന്ത്രി സമ്മാനിച്ചു. കുടപ്പനക്കുന്ന് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ നടന്ന ചടങ്ങിൽ വി കെ പ്രശാന്ത് എം.എൽ. എ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ മുഖ്യാതിഥിയായിരുന്നു. മൃഗസംരക്ഷണ വകുപ്പിലെ വിവിധ ഉദ്യോഗസ്ഥർ, വെറ്ററിനറി ഡോക്ടർമാർ, മറ്റ് ജീവനക്കാർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

# അന്തർദേശീയ നാളികേര സമൂഹം എക്സിക്യൂട്ടീവ് ഡയറക്ടറുമായി കൃഷി മന്ത്രി ചർച്ച നടത്തി

അന്തർദേശീയ നാളികേര സമൂഹം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജെൽഫിനാ സി അലൗവുമായി നാളികേരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൃഷിമന്ത്രി പി പ്രസാദ് ചർച്ച ചെയ്തു. അന്തർദേശീയ നാളികേര സമൂഹം 20 തെങ്ങ് ഉൽപാദന രാജ്യങ്ങളുടെ സർക്കാർ സംഘടനയാണ്. അന്തർദേശീയ നാളികേര സമൂഹം കേരളത്തിന്റെ നാളികേര വികസനത്തിന് പരിശീലനങ്ങൾ നൽകുവാനും കർഷകർക്കും സംരംഭകർക്കും വിവിധ തെങ്ങ് ഉൽപാദന രാജ്യങ്ങൾ സന്ദർശിക്കുവാനും ഉള്ള സഹായങ്ങളും സാങ്കേതിക വിദഗ്ധരുടെ സേവനങ്ങളും വാഗ്ദാനം ചെയ്തു. കൃഷിവകുപ്പ് വിശദമായ പദ്ധതി രേഖ തയ്യാറാക്കി അന്തർദേശീയ നാളികേര സമൂഹത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു. ഈ ചർച്ചയിൽ കൃഷിമന്ത്രിയോടൊപ്പം കാർഷികോൽപാദന കമ്മീഷണർ ഡോ. ബി. അശോക് ഐഎഎസ്, കാർഷിക വില നിർണയ ബോർഡ് ചെയർമാൻ ഡോ.പി. രാജശേഖരൻ എന്നിവർ പങ്കെടുത്തു. കാർഷിക വില നിർണയ ബോർഡ് കേരഗ്രാമങ്ങളെ കുറിച്ച് നടത്തിയ പഠന റിപ്പോർട്ട് ഡോ. ജെൽഫിന സി അലൗവിന് കൈമാറി.

# കോഴിയും കൂടും പദ്ധതി ആനുകൂല്യം വിതരണം ചെയ്തു

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റേയും മൃഗസംരക്ഷണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നഗരസഭ പരിധിയിൽ നടപ്പിലാക്കുന്ന കോഴിയും കൂടും പദ്ധതിയുടെ ഉത്ഘാടനം വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റിചെയർ പേഴ്സൺ ആതിര. എൽ. എസ്. ന്റെ അധ്യക്ഷതയിൽ ഡെപ്യൂട്ടി മേയർ. പി. കെ. രാജു പോങ്ങുമൂട് മൃഗശുപത്രി അംഗണത്തിൽ നിർവ്വഹിച്ചു. ഒരു ഗുണഭോക്താവിന് മുട്ടയിടാൻ പാകമായ 5 കോഴിയും അവർക്കു പാർക്കുവാനുള്ള ഹൈടെക്കൂടും, 15 കിലോ കോഴി തീറ്റ, അരലിറ്റർകാൽസ്യംടോണിക്ക്, 500ml ധാതുലവണ മിശ്രിതം, വിര മരുന്ന് എന്നിവ വിതരണം ചെയ്തു. പേട്ട മൃഗശുപത്രി സീനിയർ വെറ്ററിനറി സർജൻ ഡോ. സേതുമാധവൻ സ്വാഗതം പറഞ്ഞ ചടങ്ങിൽ അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ, തിരുവനന്തപുരം RAHC ഡോ. ആശകെ.ആർ. മുഖ്യ പ്രഭാഷണം നടത്തി. വാർഡ് കൗൺസിലർമാരായ ശ്രീമതി. ബിന്ദു എസ്.ആർ., ശ്രീ. എൽ.എസ്. സാജു, ശ്രീ. സുരേഷ്കുമാർ എസ് എന്നിവർ ആശംസകൾ അർപ്പിച്ചു. പോങ്ങുമൂട് വെറ്ററിനറി സർജൻ ഡോ. എ. ഷെജി കൃതജ്ഞത അറിയിച്ചു.




ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Padmam S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh